**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

CBCS 2017 Regulation - വിദ്യാർത്ഥികൾ stream change നടത്തുമ്പോൾ മാർക്ക് ലിസ്റ്റ് നൽകുവാനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ച് കൊണ്ടും CBCS 2017 Regulation പ്രകാരം റഗുലർ വിദ്യാർഥികൾക്ക് തിരഞ്ഞെടുക്കാവുന്ന എല്ലാ പേപ്പറുകളും (Open Courses, Complementary Courses, Choice Based Courses) 2022-2023 അക്കാദമിക വർഷം മുതൽ പ്രൈവറ്റ് വിദ്യാർത്ഥികൾക്കും തിരഞ്ഞെടുക്കാവുന്ന രീതിയിൽ റഗുലേഷൻ ഭേദഗതി വരുത്തി കൊണ്ടും - ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

**അക്കാദമിക് എ 3 സെക്ഷൻ**

നമ്പർ. 793/AC A 3/2023/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 19.01.2023

---

*പരാമർശം:*-1. 09.03.2022 തീയതിയിൽ രജിസ്ട്രാറുടെ ചേമ്പറിൽ സ്കീം മാറ്റം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് കൂടിയ യോഗത്തിന്റെ നടപടി കുറിപ്പ്

2. 06.07.2022 ന് കൂടിയ അക്കാഡമിക് കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ് (23.08.2022 ന് കൂടിയ സിൻഡിക്കേറ്റ് യോഗം (22.05) ഇനം നം. 01/22.05/220030 ആയി അംഗീകരിച്ചത്) ഇനം നമ്പർ : 76/46477/AC A3-3/2022

3. 17.09.2022 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ ഒ.എ.06/22.07

4. 05.11.2022 ന് കൂടിയ അക്കാഡമിക് കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ് (23.12.2022 ന് കൂടിയ സിൻഡിക്കേറ്റ് യോഗത്തിൽ (22.09) ഇനം നം.01/22.09/220044 ആയി സമർപ്പിച്ചത്) ഇനം നമ്പർ: 29/46477/AC A3-3/2022

**ഉത്തരവ്**

09.03.2022 ൽ രജിസ്ട്രാറുടെ ചേമ്പറിൽ 2017 CBCS റഗുലേഷൻ പ്രകാരം സ്കീം മാറ്റം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് യോഗം ചേരുകയും പരാമർശം (1) പ്രകാരമുള്ള ശിപാർശകൾ അക്കാഡമിക് കൗൺസിലിന് മുൻപാകെ സമർപ്പിക്കുകയും ചെയ്തു.

പരാമർശം (2) പ്രകാരം 06.07.2022 ന് കൂടിയ അക്കാഡമിക് കൗൺസിൽ യോഗം ടി ശിപാർശകൾ പരിഗണിച്ചുവെങ്കിലും മാർക്ക് ലിസ്റ്റ് നൽകുവാനുള്ള മാനദണ്ഡങ്ങൾ തീരുമാനത്തിൽ ഉൾപ്പെട്ടിരുന്നില്ല. ആയതിനാൽ ടി തീരുമാനം റദ്ദ് ചെയ്യുന്നതിനും ഫയൽ പുനഃസമർപ്പിക്കുന്നതിനും 17.09.2022 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗം പരാമർശം (3) പ്രകാരം തീരുമാനിച്ചു.

05.11.2022 ന് കൂടിയ അക്കാഡമിക് കൗൺസിൽ യോഗം, 09.03.2022 ൽ രജിസ്ട്രാറുടെ ചേമ്പറിൽ കൂടിയ യോഗത്തിലെ 2017 CBCS Regulation നുമായി ബന്ധപ്പെട്ട, താഴെ പറയുന്ന

Draft #5 of File 46477/AC A3-3/2022/AC A 3 Approved by ASSISTANT REGISTRAR III (ACADEMIC) on 19-Jan-2023 11:40 AM - Page 1

ശിപാർശകൾ അംഗീകരിക്കുന്നതിന് പരാമർശം (4) പ്രകാരം തീരുമാനിച്ചു.

1. 2017 CBCS റഗുലേഷൻ വിദ്യാർത്ഥികൾ Stream Change നടത്തുമ്പോൾ മാർക്ക് ലിസ്റ്റ് നൽകുവാനുള്ള മാനദണ്ഡങ്ങൾ സംബന്ധിച്ചവ :-

എ) പ്രൈവറ്റ് സ്കീമിലുള്ള പേപ്പറുകൾ സ്കീം മാറ്റത്തിനു മുൻപ് റെഗുലർ സ്കീമിൽ എഴുതി വിജയിച്ചിട്ടുണ്ടെങ്കിൽ വിദ്യാർത്ഥി ആ പേപ്പറുകൾ വീണ്ടും എഴുതേണ്ടതില്ല.

ബി) Regular Stream ൽ നിന്നും പ്രൈവറ്റ് സ്കീമിലേക്കു മാറുമ്പോൾ അതുവരെ വിദ്യാർത്ഥി വിജയിച്ച എല്ലാ പേപ്പറുകളും പുതിയ സ്കീമിൽ ഉൾപ്പെട്ടിട്ടുള്ളതല്ല എങ്കിൽ പോലും ആ പേപ്പറുകൾ വിജയിച്ചതായി കണക്കാക്കാവുന്നതാണ്.

സി) വിദ്യാർഥികൾക്ക് പഴയ സ്കീമിൽ Back Paper വരുകയും ആയതു പുതിയ സ്കീമിൽ ഉൾപ്പെടാത്തതുമാണെങ്കിൽ വിദ്യാർത്ഥി ആ Back Paper പുതിയ സ്കീമിന് ബാധകമായ പേപ്പർ തിരഞ്ഞെടുത്തു supplementary ആയി എഴുതി വിജയിക്കേണ്ടതാണ്. കൂടാതെ വിദ്യാർഥിയുടെ ആദ്യ ശ്രമത്തെ Absent ആയി രേഖപ്പെടുത്തേണ്ടതുമാണ്.

ഡി) പ്രൈവറ്റ് സ്കീമിലുള്ള പേപ്പറുകൾ സെമസ്റ്റർ വ്യത്യാസത്തിൽ Regular Stream ൽ വിദ്യാർത്ഥി പഠിച്ച് വിജയിച്ചിട്ടുണ്ടെങ്കിൽ അവ പ്രൈവറ്റ് സ്കീമിന് ബാധകമാകുന്ന രീതിയിൽ ക്രമപ്പെടുത്തി നൽകാവുന്നതാണ്.

2. CBCS 2017 Regulation പ്രകാരം Regular വിദ്യാർഥികൾക്ക് തിരഞ്ഞെടുക്കാവുന്ന എല്ലാ പേപ്പറുകളും (Open Courses, Complementary Courses, Choice Based Courses) 2022-2023 അക്കാദമിക വർഷം മുതൽ പ്രൈവറ്റ് വിദ്യാർത്ഥികൾക്കും തിരഞ്ഞെടുക്കാവുന്ന രീതിയിൽ റഗുലേഷൻ ഭേദഗതി വരുത്തുവാൻ തീരുമാനിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

റേച്ചൽ കെ ഐ

അസിസ്റ്റന്റ് രജിസ്ട്രാർ 3 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വൈസ് ചാൻസലറുടെ / പ്രൊ വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ /പരീക്ഷ കൺട്രോളറുടെ പി എ മാർ
3. പ്രൊഫസ്സർ ഇൻ ചാർജ് ഓഫ് പ്രൈവറ്റ് രജിസ്ട്രേഷൻ
4. എ ആർ II,III (അക്കാഡമിക് )/ ഡി ആർ II(അക്കാഡമിക് )/ ജെ ആർ II(ഭരണം)
5. എ ആർ IV/എ ആർ X/ഡി ആർ III/ ജെ ആർ III (പരീക്ഷ വിഭാഗം)

Draft #5 of File 46477/AC A3-3/2022/AC A 3 Approved by ASSISTANT REGISTRAR III (ACADEMIC) on 19-Jan-2023 11:40 AM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

6. എ ആർ XIV,XV,XIX,XXIII/ ഡി ആർ IV (പരീക്ഷ വിഭാഗം)/ ജെ ആർ 1

7. എ ആർ (പ്രൈവറ്റ് രജിസ്ട്രേഷൻ ) /എ ആർ XI (പരീക്ഷ വിഭാഗം)

8. സി ബി സി എസ് എസ് സെക്ഷനുകൾ / ഇ ജി I,II,III,IV,V സെക്ഷനുകൾ / ഇ ഇ I,II,III സെക്ഷനുകൾ / ഇ എഫ് 1 സെക്ഷൻ

9. ഇ എ 1 സെക്ഷൻ/ ഇ ബി I, III, VI, VII, VIII സെക്ഷനുകൾ

10. സിൻഡിക്കേറ്റ് സെക്ഷൻ I/ II

11. എസി എIX സെക്ഷൻ / പി ആർ I,II,III,IV,VI സെക്ഷനുകൾ

12. റെക്കോർഡ്സ് സെക്ഷൻ

13. ഐ ക്യൂ എ സി/ സിസ്റ്റം മാനേജർ/ IT cell 1 & 2

14. കരുതൽ ഫയൽ/ ഫയൽ പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #5 of File 46477/AC A3-3/2022/AC A 3 Approved by ASSISTANT REGISTRAR III (ACADEMIC) on 19-Jan-2023 11:40 AM - Page 3